**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**

**ചോദ്യം നമ്പർ: 51** **03.03.2020-ൽ മറുപടിക്ക്**

## ഹൗസ് ബോട്ടുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എം. സി. കമറുദ്ദീൻ
,, പി. കെ. അബ്ദു റബ്ബ്
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. അബ്ദുൽ ഹമീദ് പി.

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ വിനോദ സഞ്ചാര വകുപ്പിന്റെ പരിധിയിൽ വരുന്നില്ല. കേരള മാരിടൈം ബോർഡിന്റെ പരിശോധനയിൽ രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിച്ചതായി കണ്ടെത്തിയ ഹൗസ് ബോട്ടുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാക്കിക്കൊണ്ട് വിനോദ സഞ്ചാര വകുപ്പ് ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ പ്രവർത്തനങ്ങൾക്കു ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ നിലവിൽ നിർബന്ധമല്ല. |
| ബി) | ഇവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; | ബി) | സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിക്കുന്നതും എൻജിൻ ഉപയോഗിക്കുന്നതുമായ ഹൗസ് ബോട്ട് അടക്കമുള്ള എല്ലാ ജലയാനങ്ങൾക്കും 2010 ലെ കേരള ഉൾനാടൻ ജലഗതാഗത നിയമ പ്രകാരമുള്ള റജിസ്ട്രേഷൻ നിർബന്ധമാണ്. |
| സി) | ഹൗസ് ബോട്ടുകളിലെ ശുചിമുറി മാലിന്യം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യ സംസ്കരണത്തിനായി കോട്ടയത്തെ കവണാറ്റിൻകരയിലും ആലപ്പുഴയിലെ കുട്ടനാട് എച്ച് ബ്ലോക്കിലും സംവിധാനമൊരുക്കിയിട്ടുണ്ട്. കുമരകത്തിനടുത്ത് കവണാറ്റിൻകരയിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണത്തിന് 73,25,000/- രൂപയുടെ പദ്ധതിക്ക് 03.07.2019 ൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം ശേഖരിച്ച് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കാനായി സീവേജ് ബാർജ് നിർമിക്കാൻ 85,94,136/- രൂപയുടെ പദ്ധതിക്കും 16.11.2019 ൽ അംഗീകാരം നൽകിയിട്ടുണ്ട്. കോട്ടയം ജില്ലാ |

| | | | |
|---|---|---|---|
| | | | ടൂറിസം പ്രമോഷൻ കൗൺസിൽ(ഡി. ടി. പി. സി.) നടപ്പാക്കുന്ന ഇരുപദ്ധതികളുടെയും നിർവഹണ ഏജൻസി 'സിൽക്ക്' ആണ്.<br>ആലപ്പുഴ കുട്ടനാട്ടിലെ എച്ച് ബ്ലോക്കിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യ സംസ്കരണത്തിനായി 64 ലക്ഷം രൂപ ചെലവിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിരുന്നെങ്കിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിലക്കിനെ തുടർന്നു ശാല പ്രവർത്തിച്ചിരുന്നില്ല. തുടർന്ന് ഈ ശാല പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും നിർദേശവും നൽകിയിട്ടുണ്ട്.<br>ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം കായലിൽ തള്ളുന്ന സാഹചര്യം ഒഴിവാക്കാൻ ബയോ ടോയലറ്റ് സംവിധാനം നിർബന്ധമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം കവണാറ്റിൻകരയിലും ആലപ്പുഴ എച്ച് ബ്ലോക്കിലുമുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നവീകരണവും നടത്തും.<br>കൂടാതെ ഹൗസ് ബോട്ട് മാലിന്യം ശേഖരിക്കാനായി രണ്ട് സീവേജ് കലക്ഷൻ ബാർജുകൾ കൂടി വാങ്ങാൻ കേരള മാരിടൈം ബോർഡിനും അനുമതി ലഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആദ്യ ബാർജിന്റെ നിർമാണത്തിനുള്ള ടെൻഡർ നടപടികളും പുരോഗതിയിലാണ്.<br>ഇതിനു പുറമെ ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ അനുവദിക്കാനുള്ള മാനദണ്ഡങ്ങളിൽ ചുവടെ ചേർത്ത വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്:<br># മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കുകളും ബയോ ടോയ് ലറ്റുകളും നിർബന്ധമാണ്.<br># ജൈവമാലിന്യങ്ങൾ സംസ്കരിക്കാനുള്ള സജ്ജീകരണം നിർബന്ധമാണ്. ഏറോബിൻ/ ബയോഗ്യാസ് പ്ലാന്റ് മുതലായവ ഏർപ്പെടുത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ